COMMISSIONERATE OF
EXCISE

18 NOV 2019

RECEIVED

കേരള സർക്കാർ

നം.ഇസിബി1/69/2019-പൊഭവ

പൊതുഭരണ (എംപ്ലോയ് മെന്റ് സെൽ -ബി) വകുപ്പ്
തിരുവനന്തപുരം, തീയതി: 06.11.2019.

## സർക്കുലർ

വിഷയം :- പൊതുഭരണ വകുപ്പ് - പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കായുള്ള പ്രത്യേക നിയമനം - സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുന്നത് - ഭരണ വകുപ്പുകളുടെ അധികാര പ്രത്യായോജനം - സംബന്ധിച്ച്.

സൂചന :- സ.ഉ(കൈ) നം.594/78/ഫിൻ തീയതി 29.07.1978.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ പ്രത്യേക നിയമനത്തിനായി റിസർവ്വ് ചെയ്യുന്ന തസ്തികകളിൽ നിയമനം നടത്തുന്നതിനായി നിലവിൽ ഒഴിവുകൾ ഇല്ല എങ്കിൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്താം എന്നും അപ്രകാരം സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുന്നതിന് സെക്രട്ടേറിയറ്റിലെ ഭരണ വകുപ്പുകൾക്ക് ധനവകുപ്പിന്റെ മുൻകൂർ അഭിപ്രായം ആരായേണ്ടതില്ല എന്നും സൂചന പ്രകാരം ഉത്തരവായിരുന്നു. എന്നാൽ സെക്രട്ടറിയേറ്റിലെ പല ഭരണ വകുപ്പുകളും ഇപ്പോഴും ധന വകുപ്പിന്റെ അഭിപ്രായത്തിനായി ഫയൽ അയക്കുകയും തന്മൂലം സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുന്നതിന് അസാധാരണമായ കാലതാമസം നേരിടേണ്ടി വരികയും ചെയ്യുന്നുണ്ട്, ഇത് പലപ്പോഴും അർഹരായ പട്ടികജാതി പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് പ്രത്യേക നിയമനം വഴി ജോലി ലഭിക്കുന്നതിന് തടസ്സമായി നിൽക്കുന്നു.

2. അതിനാൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ പ്രത്യേക നിയമനത്തിനായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രപ്പോസലുകളിന്മേൽ, 29.07.1978 തീയതിയിലെ സ.ഉ(കൈ)594/78/ഫിൻ ഉത്തരവ് പ്രകാരം സെക്രട്ടേറിയറ്റിലെ ഭരണ വകുപ്പുകൾക്ക് നടപടി സ്വീകരിക്കാവുന്നതാണ്. പ്രസ്തുത പ്രപ്പോസലുകളിന്മേൽ ധനവകുപ്പിന്റെ മുൻകൂർ അഭിപ്രായം ആരായേണ്ടതില്ല.

**ബിശ്വനാഥ സിൻഹ**
**പ്രിൻസിപ്പൽ സെക്രട്ടറി**

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും
എല്ലാ വകുപ്പ് തലവന്മാർക്കും
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)
ഹൈക്കോടതി രജിസ്ട്രാർ, എറണാകുളം (ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുഭരണ (കംപ്യൂട്ടർ സെൽ) വകുപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.